**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 405** **07-10-2024 - ൽ മറുപടിയ്ക്ക്**

**കഴക്കൂട്ടം മണ്ഡലത്തിലെ റോഡുകൾ ,തെരുവ് വിളക്ക്, അമൃത്-2 പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | കഴക്കൂട്ടം മണ്ഡലത്തിൽ ഉൾപ്പെടുന്ന ഇരുപത്തി രണ്ട് നഗരസഭ വാർഡുകളിലെ റോഡുകളുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിന് നഗരസഭ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ; | (എ) | കഴക്കൂട്ടം മണ്ഡലത്തിൽ നഗരസഭയുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അടിയന്തിരമായി പൂർത്തിയാക്കേണ്ട റോഡ്പണികൾ ചെയ്യുന്നുണ്ട്. 22 വാർഡുകളിൽ 194 പ്രവൃത്തികൾ 2023-24, 2024-25 വർഷങ്ങളിലായി ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ ഉൾപ്പെടുന്ന നഗരസഭാ വാർഡുകളിൽ തെരുവ് വിളക്ക് പ്രശ്നം പരിഹരിക്കുന്നതിന് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ; | (ബി) | കഴക്കൂട്ടം മണ്ഡലത്തിൽ ഉൾപ്പെടുന്ന നഗരസഭാ വാർഡുകളിൽ തെരുവ് വിളക്ക് പരിപാലനത്തിനായി M/S. Pamidi എന്ന കമ്പനിയുമായി നഗരസഭ സെക്രട്ടറി ഈ വർഷം എഗ്രിമെന്റിൽ ഏർപ്പെട്ടിട്ടുള്ളതും ടി കമ്പനി തെരുവ് വിളക്ക് പരിപാലനം നടത്തിയും വരുന്നുണ്ട്. |
| (സി) | തിരുവനന്തപുരം നഗരസഭയുടെ നേതൃത്വത്തിൽ അമൃത്-2 പ്രകാരം നടപ്പിലാക്കി വരുന്ന സൗജന്യ കുടിവെള്ള കണക്ഷൻ പദ്ധതിയിൽ ഉപയോഗിക്കുന്ന പൈപ്പുകളുടെ ഗുണനിലവാരം നഗരസഭയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (സി) | തിരുവനന്തപുരം നഗരസഭയുടെ നേതൃത്വത്തിൽ അമൃത് 2.0 പ്രകാരം നടപ്പിലാക്കി വരുന്ന സൗജന്യ കുടിവെള്ള കണക്ഷൻ പദ്ധതികളുടെ പ്രവൃത്തികൾ ഏറ്റെടുത്തിരിക്കുന്ന കരാറുകാർ വാട്ടർ അതോറിറ്റി നിഷ്കർഷിച്ചിട്ടുള്ള എംപാനലിലുള്ള കമ്പനികളിൽ IS Specification-ൽ തയ്യാറാക്കിയ പൈപ്പുകൾ വാട്ടർ അതോറിറ്റി അംഗീകരിച്ച കമ്പനികളിൽ വച്ച് അതോറിറ്റിയുടെ ഓഫീസർമാരുടെ സാന്നിദ്ധ്യത്തിൽ, തേർഡ് പാർട്ടി ഇൻസ്പെക്ഷൻ ചെയ്തു ഗുണനിലവാരം ഉറപ്പുവരുത്തിയ പൈപ്പുകളാണ് പ്രസ്തുത പ്രവൃത്തികൾക്കായി ഉപയോഗിക്കുന്നത്. കൂടാതെ ഇവ സ്ഥാപിച്ചതിനുശേഷം പ്രഷർ ടെസ്റ്റ് ചെയ്തു ഗുണനിലവാരം ഉറപ്പുവരുത്തുന്നു. ടി പ്രവർത്തികൾ ചെയ്യുമ്പോൾ കോർപ്പറേഷന്റെ വാർഡു കൗൺസിലർമാരെ അറിയിച്ചിട്ടാണ് പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നത്. |

സെക്ഷൻ ഓഫീസർ